# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4354 — 24.10.2016 ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിനായി സഹകരണ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിനായി സഹകരണ സംഘങ്ങളെ ഏല്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) സഹകരണ മേഖലയിലുള്ള പാഡികോ എന്ന സ്ഥാപനം പാലക്കാട് ജില്ലയിലെ നെല്ല സംഭരണ പ്രക്രിയയിൽ പങ്കാളിയാണ്. |
| (ബി) നിലവിൽ നെല്ല് സംഭരണത്തിൽ കച്ചവടക്കാരുടെ ഏജന്റുമാരായ നിരവധി പേർ കടന്നുകൂടുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരക്കാരെ മാറ്റി നിർത്താൻ എന്തു നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ; | (ബി) നെല്ല സംഭരണ പ്രക്രിയയിൽ പാടശേഖരങ്ങളിൽ നിന്നും നെല്ല് ഏറ്റെടുത്ത് സംഭരണ കേന്ദ്രത്തിലേക്ക് അഥവാ മില്ലിലേക്ക് കടത്തി സുരക്ഷിതമായി 3 മാസത്തോളം സൂക്ഷിച്ചുവെച്ച് അത് കുത്തി അരിയാക്കി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിനായി സ്വകാര്യ മില്ലുടമകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. പ്രസ്തുത മില്ലുകാരാണ് കർഷകരിൽ നിന്നും സപ്ലൈകോക്ക് വേണ്ടി നെല്ല് ഏറ്റെടുക്കുന്നത്. ഇതിൽ കച്ചവടക്കാരുടെ ഏജൻറുമാർ ഉള്ളതായി അറിവില്ല. |
| (സി) നെല്ല് സംഭരണത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാരും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാരും ഫീൽഡ് ഇൻസ്പെക്ഷൻ, വെരിഫിക്കേഷൻ എന്നീ കാര്യങ്ങളിൽ ഒന്നുചേർന്നു പ്രവർത്തിക്കുന്നില്ല എന്ന കാര്യം സർക്കാർ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വീഴ്ചയില്ലാതാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) നെല്ല് സംഭരണത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാരും, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻമാരും ഫീൽഡ് ഇൻസ്പെക്ഷൻ, വേരിഫിക്കേഷൻ എന്നീ കാര്യങ്ങളിൽ ഒന്നുചേർന്നു തന്നെയാണ് പ്രവർത്തിക്കുന്നത്. കർഷകർ രജിസ്റ്റർ ചെയ്യുന്ന അപേക്ഷകൾ അതാതു പഞ്ചായത്തിലെ കൃഷിഭവനിലാണ് സമർപ്പിക്കുന്നത്. പ്രസ്തുത അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ വിശിഷ്യാ കൃഷി ചെയ്യു നെല്ലിന്റെ ഇനം, വിസ്തൃതി എന്നിവ കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റുമാർ പരിശോധിച്ച് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് സപ്ലൈകോ കർഷകരിൽ നിന്ന് നെല്ല് ഏറ്റെടുക്കുന്നത്. നെല്ല് ഏറ്റെടുക്കുമ്പോൾ അവ പരിശോധിക്കുന്നതിനായി കൃഷി വകുപ്പിൽ നിന്ന് ഈ സീസണിൽ 45 കൃഷി അസിസ്റ്റൻറുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) നെല്ലിന്റെ വില കർഷകർക്ക് ലഭ്യമാക്കുന്നതിനായി ആന്ധ്രാപ്രദേശിൽ വിജയകരമായി നടപ്പിലാക്കിയതുപോലെ കമ്പ്യൂട്ടർ-മൊബൈൽ അധിഷ്ഠിത സംവിധാനം വികസിപ്പിച്ച് നടപ്പിലാക്കാൻ എന്തെങ്കിലും നീക്കം സർക്കാർ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ഡി) നെല്ല് സംഭരണ സംസ്കരണ വിപണന പദ്ധതി കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള online procurement monitoring system –ന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. Computer – മൊബൈൽ അധിഷ്ഠിത സംവിധാനം വികസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന പക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിൽ ഇതുവരെ കൊടുത്ത തുകയെത്രയാണ്; ഇനി ബാക്കി എത്ര തുക കൊടുത്തു തീർക്കാനുണ്ട്; ഇതിന്റെ ബ്ലോക്ക് അടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ ? | (ഇ) 2016-17 സീസണിൽ പാലക്കാട് ജില്ലയിൽ നിന്ന് 18.10.2016 വരെ 36153 കി.ഗ്രാം നെല്ല് സംഭരിച്ച വകയിൽ 7,77,290/- രൂപ നല്കുവാനുണ്ട്. കണക്കുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ സൂക്ഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ